# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2697

12.03.2018-ൽ
മറുപടിയ്ക്ക്

## സ്വകാര്യ,സ്വാശ്രയ മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകളും കോഴ്സുകളും

*ചോദ്യം*
ശ്രീ.പാറക്കൽ അബ്ദുല്ല
ശ്രീ. ടി. വി. ഇബ്രാഹിം
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ അദ്ധ്യയന വർഷം സ്വകാര്യ സ്വാശ്രയ മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകളും കോഴ്സുകളും അനുവദിക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | സ്വകാര്യ സ്വാശ്രയ മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകളും കോഴ്സുകളും അനുവദിക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം. |
| (ബി) | സംസ്ഥാനത്ത് 118 എഞ്ചിനീയറിംഗ് കോളേജുകൾ പോളിടെക്നിക്കുകളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | എഞ്ചിനീയറിംഗ് കോളേജുകൾ പോളിടെക്നിക്കുകളാക്കി മാറ്റുന്നത് സംബന്ധിച്ച് സർക്കാർ ഇതുവരെ നയപരമായ തീരുമാനം എടുത്തിട്ടില്ല |
| (സി) | കഴിഞ്ഞ മൂന്നു വർഷത്തിനിടെ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ഒഴിവു വന്ന സീറ്റുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ; | (സി) | സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ഒഴിവുവന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യമുണ്ട്. കഴിഞ്ഞ 3 വർഷത്തിനിടെ സ്വാശ്രയ മേഖലയിൽ ഒഴിവുവന്ന സീറ്റുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| ഡി) | എങ്കിൽ സ്ഥാപനങ്ങളുടെ ഭൗതിക അക്കാഡമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ ഇടപെടുമോ; ഇതിനായി ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഡി) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മികവും, സാമൂഹ്യ നീതിയും തുല്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കുറഞ്ഞ ഫീസിൽ കുട്ടികൾക്ക് പഠിക്കുവാനുള്ള അവസരം ഒരുക്കുക, അക്കാദമിക അടിസ്ഥാന സൗകര്യം ഉറപ്പാക്കുക, യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുക, തുടങ്ങിയവയ്ക്കും ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമിച്ച ജസ്റ്റിസ് ദിനേശൻ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ നിയമ നിർമ്മാണം നടത്തുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കഴിഞ്ഞ 3 വർഷത്തിനിടെ സ്വാശ്രയ മേഖലയിൽ ഒഴിവുവന്ന സീറ്റുകളുടെ എണ്ണം

**B.Tech Course**

| Sl. No. | Year of Admission | Govt. Controlled Self Financing | | | Private Self Financing | | |
|---|---|---|---|---|---|---|---|
| | | Approved Intake | Actual Intake | Vacant Seats | Approved Intake | Actual Intake | Vacant Seats |
| 1. | 2015-16 | 6519 | 4867 | 1652 | 46665 | 27197 | 19468 |
| 2. | 2016-17 | 6669 | 5239 | 1430 | 44235 | 24147 | 20088 |
| 3. | 2017-18 | 6855 | 4352 | 2503 | 43515 | 20696 | 22819 |

**M.Tech Course**

| Sl. No. | Year of Admission | Govt. Controlled Self Financing | | | Private Self Financing | | |
|---|---|---|---|---|---|---|---|
| | | Approved Intake | Actual Intake | Vacant Seats | Approved Intake | Actual Intake | Vacant Seats |
| 1. | 2015-16 | 786 | 425 | 361 | 6186 | 1714 | 4472 |
| 2. | 2016-17 | 786 | 309 | 477 | 5552 | 1489 | 4063 |
| 3. | 2017-18 | 804 | 285 | 519 | 5346 | 1532 | 3814 |

സെക്ഷൻ ഓഫീസർ